**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1708** **15-03-2022 - ൽ മറുപടിയ്ക്ക്**

**പുതിയ പോളിടെക്നിക്ക് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മുക്കം, ഹരിപ്പാട്,നടുവിൽ,വിളപ്പിൽശാല എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ പരപ്പ, മടിക്കൈ എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ അനുവദിക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ, മടിക്കൈ എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച സാധ്യത പഠന റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. പരപ്പ വില്ലേജിലെ പുലിയംകുളത്ത് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ